ഫെബ്രുവരി 16, 2014

# പാർലമെന്റിൽ നിയമനിർമ്മാണം തടസപ്പെടുത്തിയതിന് ഉത്തരവാദി കോൺഗ്രസോ?

**അരുൺ ജെയ്റ്റ്ലി,**
പ്രതിപക്ഷ നേതാവ് (രാജ്യസഭ)

പാർലമെന്റ് സമ്മേളനത്തിന്റെ അവസാനവാരത്തിലേക്ക് നാം കടക്കുമ്പോൾ എല്ലാവരുടെയും പരിഗണനയർഹിക്കുന്ന ന്യായമായ ഒരു ചോദ്യമുണ്ട് - പല നിയമങ്ങളും പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കിയെടുക്കാനാകാത്തതിന്റെ ഉത്തരവാദിത്വം ആർക്കാണ്? ബി.ജെ.പിയാണ് അഴിമതിവിരുദ്ധനിയമങ്ങൾ പാർലമെന്റിൽ അവതരിപ്പിച്ചു പാസ്സാക്കുന്നതിന് തടസ്സം നിന്നതെന്ന് ഇന്നലെ കോൺഗ്രസ് വൈസ് പ്രസിഡന്റ് രാഹുൽഗാന്ധി പ്രസ്താവിച്ചിരുന്നു.

യു.പി.എ.യുടെ പത്തുവർഷത്തിന്റെ അവസാനഘട്ടത്തിലാണ് ചില നിയമനിർമ്മാണത്തെക്കുറിച്ച് കോൺഗ്രസ് ആലോചിച്ചത് എന്നതാണ് യാഥാർത്ഥ്യം. അപ്പോഴേക്കും ആ പാർട്ടിക്ക് പാർലമെന്റിലെ ഇരുസഭകളിലും ഭൂരിപക്ഷം നഷ്ടപ്പെട്ടിരുന്നു. ഈ നിയമനിർമ്മാണങ്ങളിൽ പലതും തെരുവോരക്കച്ചവടക്കാർക്ക് സംരക്ഷണം നൽകാനും ബുന്ദൽഖണ്ഡിൽ ഒരു കേന്ദ്ര സർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ചുമുള്ള നിയമങ്ങളും ഒരു വിവാദത്തിലും പെടുത്താത്തവയായിരുന്നു. അല്പനേരത്തെ ചർച്ചയ്ക്കുശേഷം പാസ്സാകാവുന്ന നിയമങ്ങളായിരുന്നു അവ. തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുതകുന്ന നിയമങ്ങൾ എത്രയും വേഗം ചർച്ചയ്ക്കെടുത്ത് നിയമമാക്കണമെന്നാവശ്യപ്പെട്ട് വ്യത്യസ്ത ശേഷിയുള്ളവരുടെ പല സംഘടനകളും നിരന്തരം ആവശ്യം ഉന്നയിച്ചുവരികയാണ്. അഴിമതിവിരുദ്ധനിയമങ്ങൾ പാസ്സാക്കാൻ ബി.ജെ.പിയാണ് തടസ്സം നിൽക്കുന്നതെന്ന് പറയുന്ന രാഹുൽഗാന്ധി ഇതേ വാദങ്ങൾ ഉന്നയിച്ചാണ് മറ്റു നിയമനിർമ്മാണങ്ങളുടെ ഗുണഭോക്താക്കളെയും നേരിടുന്നത്.

ഇക്കാര്യത്തിലുള്ള യാഥാർത്ഥ്യങ്ങൾ വ്യക്തമായി പരാമർശിക്കപ്പെടേണ്ടതാണ്. ഈ നിയമനിർമ്മാണങ്ങളിൽ പലതിനോടും ബി.ജെ.പിക്ക് എതിർപ്പില്ല. നിയമനിർമ്മാണത്തിൽ ബി.ജെ.പി. കോൺഗ്രസ്സിനെ പിന്തുണയ്ക്കാനും തയ്യാറാണ്. പാർലമെന്റിലെ ഇരുസഭകളിലൊന്നിലും ഒരൊറ്റ ബി.ജെ.പി. അംഗം പോലും സഭാനടപടികൾ തടസ്സപ്പെടുത്തിയിട്ടില്ല. അവർ പതിവുപോലെ എല്ലാ ദിവസവും പാർലമെന്റിൽ ഒത്തുകൂടുന്നു. പരിഗണനാവിഷയമായ ആന്ധ്രാപ്രദേശിന്റെ വിഭജനവുമായി ബന്ധപ്പെട്ടാണ് നടപടികൾ തടസ്സപ്പെടുന്നത്. ഈ ചുറ്റുപാടിൽ നടപടികൾ തുടരാനാകാതെ ഇരുസഭകളിലേയും അദ്ധ്യക്ഷന്മാർ സഭകളുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നു. കോൺഗ്രസ് പാർട്ടിയിലെ അസംഖ്യം അംഗങ്ങൾ ഇരുസഭകളിലും ശബ്ദായമാനമായ രംഗങ്ങൾ സൃഷ്ടിക്കുന്നു. സഭയിൽ ഹാജരായി സ്വന്തം പാർട്ടിയംഗങ്ങൾ സൃഷ്ടിക്കുന്ന കോലാഹലം നേരിട്ടുകാണാൻ രാഹുൽഗാന്ധിക്ക് സമയം കണ്ടെത്താനാകുന്നില്ല. അടുത്തകാലത്ത് അരങ്ങേറിയ വലിയ കുംഭകോണങ്ങളായ 2ജി സ്പെക്ട്രം, കൽക്കരിപ്പാട വിതരണം, കോമൺവെൽത്ത് ഗെയിംസ് സംഘാടനം എന്നിവയെക്കുറിച്ച് ഒരക്ഷരം ഉരിയാടാത്ത രാഹുൽ വളരെ വൈകിയാണ് ഇന്ത്യൻ രാഷ്ട്രീയത്തിലെ ഒരു വലിയ വിപത്താണ് അഴിമതി എന്ന കണ്ടുപിടിത്തം നടത്തിയിരിക്കുന്നത്. വൈകിയെത്തിയ ഈ തിരിച്ചറിവിന്റെ പേരിലും സർക്കാരിന്റെ കാലാവധി അവസാനിക്കാറായ ഘട്ടത്തിൽ ഈ നിയമനിർമ്മാണങ്ങൾ അവതരിപ്പിച്ചതിന്റെയും പേരിൽ സ്വയം അഭിമാനിക്കുന്നതിനു പകരം അദ്ദേഹം ചെയ്യേണ്ടത് ഒരാത്മപരിശോധന നടത്തി ഈ നിയമനിർമ്മാണങ്ങൾ ഇത്രയും വൈകിയതിന്റെ കാരണം തേടലാണ്. കാരണം കോൺഗ്രസ് അംഗങ്ങളാണ് ആവർത്തിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തുന്നത്. നിയമനിർമ്മാണങ്ങൾ യഥാസമയം നടപ്പാക്കാൻ കഴിയാത്തത് സഭയിൽ സമാധാനാന്തരീക്ഷം പുനഃസ്ഥാപിക്കാനാകാത്തതിനാലാണ്. രാഹുൽഗാന്ധി സത്യം മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ പാർട്ടി തെറ്റുതിരുത്താൻ തയ്യാറാകുകയും ചെയ്താൽ ഇനിയും നടപ്പാക്കേണ്ടതായ നിയമനിർമ്മാണങ്ങൾക്ക് പിന്തുണ നൽകാൻ ബി.ജെ.പിക്ക് ഒരു പ്രയാസവുമില്ല.